# Reverie 2016

**EMA NEWS, Vol 8 January 2016**
**St. Mary's College, Thrissur**



Phone: 0487 2333485
E-mail: smctsr@gmail.com
www.stmaryscollegethrissur.edu.in

Chief Editor: Prof. Prof. Leela Menon P
Associate Editors: Prof. Mary Kunju
Prof. Vimala Menon
Prof. Catherine Gemma

Dear Elder Marians!

Modern man lives in the thick of stresses and strains-frustrations and tensions. He struggles between sleepless nights and lives tortured days of wandering in anxious search for peace and hope-finding only disastrous disappointments with riots and destructions all around. As a result he falls into the hell of sleeping doses and intoxicating drugs and liquors. Not alone nations but even families lose their integrity, serenity and love that might bind their minds into one loving fold-gripping with each other. Even their kids needing a sea of care, love and affection besides plenty of innocent fun fall into mental problems and the diseases of the day come from psychological factors - Individual's incapacity to see, understand and adjust. More than the diseases it is their causes that become the problem of the day. No one seems to understand the value of kind words and humanistic approaches selfishness mars where sincerity and selfless approaches should rule and make the dangers relent.

We as adults, have to be aware of the seriousness of the situations and develop our social relations. Even as we allow others to grow in the same directions among us we have to leave our complexes (whether of superiority or inferiority), save ourselves and help others to save themselves from the agonizing psychological tensions and phobias and sense of insecurity. The world at large should leave alone their extreme anger and intolerance and doubts that make them feel insecure. We have to cultivate the intimate fundamental human affections - pure and selfless - sincerity deep and flawless. Philosophy of life promising security to all and to the self simultaneously. We have to cultivate also the love of labour. Labouring with the soil and otherwise. Let us not be the blind insecure weaklings of ignorance and antipathies. Let us gain the life- giving sap of wisdom and Absolute Truth-let us learn to accept one another's views and their ambience.

It is only a strong motivation that can give man the power to stand by himself and get along. All what other people can give is only temporary and insufficient support. As one form of energy can be

converted to another form intellectual and spiritual powers can be translated into physical and manual strength in many cases. For all the ills of the world what we need is faith in the Independent and Absolute Power, Man has to attain this by constant and deep meditation as the scriptures teach. The examples of Smt. Dayabai, Bhanumathy Teacher. Sunitha Krishnan, Maveli etc. teach us how we can alleviate world's sorrows by using our mental and spiritual calibre. They seem to proclaim to the world at large.

Be courageous in your virtue.
Courage alone can save.
Courage alone can give us peace
Courage alone can win!

But the world needs more and more, people to tread their way as times are as they are. There are as many good people, virtuous people of good will and prayer as there are cruel villains and scoundrels. And the evil done by the scoundrels cannot easily mitigated by the good done by all these well-meaning men and women because the devastations done by the Evil Minded is so massive and disastrous.

For the Indians we have the Ancient Yogasastra and the Gita just as the others have their Bible and the Quran etc. Yoga can strengthen man physically as the Gita can motivate and add to our mental calibre. It is the philosophy of action.

As Obama himself envisioned once, coming is the Age of India. We are not ignorant downtrodden Coolies. We have strongly motivated great philosophers and able minded and well-built entrepreneurs as the Ancient has moulded us into. Only we have to stand erect, look into our innermost mental makeup, recognize the stamina and announce to the world that we are able minded and strong – nerved and the whole world will come our way ready to be guided along.

Yes India is starting its own Age? Is it? Isn't it?

**Prof..Leela Menon P (1959-66)**

## Principal's Note

Dear friends,

St. Mary's is one of the premier educational institutions with a vision to excel in all spheres. Set up in 1946, we have journeyed through all these years and gained the trust and appreciation of thousands of students and their parents alike. Today, as we march towards the coveted $70^{th}$ Foundation Year of our existence, we pledge to work for every student- and in the process, open new vistas in the area of education.

It is my message to you all that the people of fine character live by their values. They are honest and are committed to truthfulness in thought, word and deed. True character thus encompasses the capacity for self-discipline.

Character creates self-respect, which in turn leads to high self-esteem. Maturity is reflected in all aspects of character-the decisions we make, the friends we choose and the responsibilities we accept. Always remember to uphold human dignity. Be always ready to give preference to the other.

I feel extremely pleased and proud to place this issue of the Annual Newsletter from Alumnae the **"*Reverie*"** in the hands of our esteemed stakeholders. I congratulate and thank all the alumnae, former staff members and students, who have contributed their write-ups for publication in this issue. I also take this opportunity to appreciate the strenuous efforts made by the editorial board constituted for this task.

I also express my heartfelt thanks to the members for the kind guidance received from them from time to time for the successful launch of this periodical.

May this new year of Mercy-2016, be a bright and spirit-filled one.

Thank you

**Dr.Sr. Jacintha CC (Sr.Chrislin)**



**Annual alumnae meeting on 26th January 2015**

## Growing as a mother…

It was a breezy morning of January when I stepped into that room for the first time in my life. It was the place where you could feel a confluence of anxiety and joy. It was the only place in that hospital where others smile when we grin with pain. A cry brings happiness here. I was prepared for a birth. It was the journey of my little angel to earth through me. That day she reached here and I was reborn. Until then I was a daughter and now a mother of a daughter. She was like a lotus with a radiance of grace. I grew with her to a complete mother. As a teacher I teach chemistry but she taught me the real chemistry of life and love. Each moment I became her obedient student so that I could study the great lessons of patience and tenderness. I wondered how the chemistry of my deeds inversed! It was totally exothermic causing the situation hot but now it had turned endothermic obviously. When she had a brother she taught me how to be impartial. By that time I had almost the prelims of motherhood. Then came the main exam with no options but two compulsory papers, my daughter and my son. As the number of teachers doubled I got absolute care and guidance as mother student. I taught how to keep promises and where to keep my mouth shut. My trumpets turned to music and complaints to compassion. I go on growing as a mother as they together hold my hand and guide me by giving both theory and practical classes of motherhood chemistry.

**Sudha E (1992-2002)**



Dhanya Shanker (2007-10), FLAIR awardee –sharing the experience in annual meeting

**ഞാൻ**


എന്നിലെ സ്വത്വം
എന്നോട് ചോദിക്കുന്നു
ഞാനാരാണ്?
സ്വന്തമായൊന്നുമില്ലാതെ
ജീവിതമാകുന്ന നൗകയിലൂടെ
എങ്ങോട്ടേക്കെന്നറിയാതെ
യാത്ര ചെയ്യുന്നു ഞാൻ
അറിയില്ലെനിക്ക്
നാളെയെന്ത്?
അറിയില്ലെനിക്ക്
ആകാശത്തിൻ കീഴെ
എത്ര തരം ജീവിതങ്ങൾ
നടിക്കുന്നു ഞാൻ
എനിക്കെല്ലാമുണ്ടെന്ന്
എങ്കിലും അറിയുന്നെൻ
അടിത്തട്ടിൽ
ഞാനേകയാണ്.
മത്സരങ്ങൾ തൻ ലോകത്ത്
പിടിച്ചു നില്ക്കാൻ
കഴിയാതാകുമ്പോൾ
അറിയില്ലെനിക്ക്
തകർന്നു വീഴുമോ ഞാൻ

എങ്കിലും ജീവിച്ചുതീർത്തേ
മതിയാകൂ
മറുത്തൊരു ചിന്ത
എന്നിലെങ്ങും മിന്നിമറയാതെ....
അറിയാമെനിക്ക്
ഒരു നാൾ, ചേർത്തുവച്ചതെല്ലാം
ഒലിച്ചു പോകും
കെട്ടിപ്പടുത്ത സ്വപ്നങ്ങൾ
തകർന്നടിയും
കുഴിച്ചു മൂടപ്പെട്ടുവോ
എന്നിലെ ഞാൻ
അടിച്ചമർത്തപ്പെട്ടുവോ
എന്നിലെ ചിന്തകൾ എന്ന്?
ഇനിയെന്നാണെനി-
-ക്കൊരു ഉയിർപ്പ്?
ആരോടും പരിഭവമില്ല
ആകാശത്തിൻ കീഴെ
എത്ര തരം
ജീവജാലങ്ങൾ
അതിലൊന്നായി ഞാനും....

**ഒരു പൂർവ്വ വിദ്യാർത്ഥിനി**
**(1999–2004)**



**Haemoglbin estimation camp conducted by Alumnae**







**<u>Winners of Reverie cover Page designing competetion</u>**

**2nd prize Sabha K -III BSc-Micro** **3rd prize Hiba-I-MSc-Psychology**



**Mrs Soni T L (1991-96), winner of Indira Gandhi NSS National Award, sharing the importance of social service.**

## Interview with Dhanya. K, IAS (Alumnae 1999-2001), 170th Rank in Civil Service Examination

*Interviewer:* Heartiest congratulations ma'am, on your marvelous victory! It is indeed a massive achievement. What inspired you to take up Civil Service as your career?

*Dhanya:* Civil service did not happen to me all of a sudden, it was a long cherished dream. Since my school days, I had wanted to strive for it and make it a career. Gradually, I nurtured this dream into a reality.

*Interviewer:* I have heard that the preparation leading to the examination can be quite a laborious process. How long did it take you to prepare for Civil Service?

*Dhanya:* Civil Service examination should not be taken lightly. I cleared the examination in my third attempt. If you are focusing exclusively on this examination, half an year is ample time for a thorough preparation. However, if you are preparing along with another course, three years will

be needed for the preparation to be thorough since you cannot devote your entire time for Civil service examination studies.

*Interviewer:* Civil Service is indeed a well-respected and attractive career option. Do you have any tips for the youth aspiring for Civil Service?

*Dhanya:* The road to success can be quite long and winding, and there will be plenty of issues to deter you but, take it as a challenge and prepare with utmost sincerity.

*Interviewer:* Smart work is just as important as hard work. We need to know what should be studied and from where it should be studied. Can you tell us which books you referred for your General paper?

*Dhanya:* My primary source was NCERT Textbooks of classes $8^{th}$ to $12^{th}$. I would suggest the aspirants to know the basics first, and our school textbooks are perfect for that. I also referred to Bipin Chandra's 'India Since Independence' for History and Laxmikanth's 'Indian Polity'. For Geography, the NCERT textbooks of classes $8^{th}$ to $12^{th}$ will be sufficient. You should also constantly update your knowledge of current affairs, land orders, legislations and news about 'Thozhilurapp'.

*Interviewer:* The road to could not have been free of obstacles. What challenges did you face while preparing for Civil Service?

*Dhanya:* It was not at all an easy road to tread. The examination comprises of numerous multiple choice questions. You should carefully read and understand the question, and only then answer. Seek proper guidance and prepare well. I have heard that people are scared of maths, however there is no need to be tensed since the questions asked are very basic. Questions are mostly asked from what we have already studied in the tenth standard and higher secondary class.

*Interviewer:* Is it compulsory that we should write the examination in English, which is highly standardised?

*Dhanya:* No need, you can write in Malayalam too. Content is of the utmost importance here. The objective is to write correct points and secure marks.

*Interviewer:* Plenty of coaching centres are mushrooming across the country. Is it necessary to have an institute based coaching or is self-study enough?

*Dhanya:* It is a question of confidence. If there are experienced people to support and guide you, and you have confidence in yourself, self-study is enough to clear this examination. If you are not confident enough, the smart option will be to join an Institute.

*Interviewer:* I am sure you stand as a shining example to our students from whom they will draw immense inspiration. Is there any message you would like to leave for them?

*Dhanya:* Anyone can turn the dream of Civil Service to reality through patience and a will to work hard.

***Interviewers- Khadeeja Shabnam (I DC BA English) and Anjana Menon (III DC BA Economics)***



**Alumnae Secretary Smt. K Vijayalakshmi crowning the Gem of St. Mary's**








**Principal congratulating the Ph. D holders of Alumnae**

**Department of Economics organized Alumnae Lecture Series 2015-16**

Ms. Simmy A M, Asst Prof on Contract, Dept. of Social Work, St. Mary's College, Thrissur (Alumnae,1997-2000) gave a class on Corporate Social Responsibility to the III BA Economics students on 07-12-2015.



Ms. Amrutha K Dharman, NET (2009-2012) gave a lecture on International Monetary Scenario to the III BA Economics students on 12-01-2016.



Ms. Vidhya A K, Ph D Research Scholar, University of Calicut ( 2009-2012) gave a class on Organic Farming for III BA Economics students on 13-01-2016.



Lecture on Perspectives of Financial Inclusion in India by Ms Anila C (1996-2001), Asst. Professor, Dept. of Economics, Sree Kerala Varma College, Thrissur on 23-7-2015





**Interactive sessions of students with inmates of "Thanal (Pakalveedu)", Pudukkad on 29-12-2015**




Alumnae president Smt. Soja K K cogratulating the Civil Service Winner, Smt. Dhanya K

## <u>ദൈവത്തിൻ്റെ ഭണ്ഡാരങ്ങൾ</u>

ഫാദർ. ഷാജൻ. കൊള്ളന്നൂർ കയറിവരുമ്പോൾ എമിലി ഭർത്താവിൻെറ മൂത്ര പാത്രമെടുത്ത് കഴുകി വൃത്തിയാക്കി വരികയായിരുന്നു. അയാൾ കിടപ്പിലായിട്ട് വർഷങ്ങൾ ആറു കഴിഞ്ഞിരുന്നു. ഇനി അയാളെ താങ്ങിപ്പിടിച്ചിരുത്തി ഭക്ഷണം കോരിക്കൊടുക്കണം. ഭവ്യതയോടെ ഒരു മരക്കസേര ചൂണ്ടിക്കുാട്ടി അവൾ അടുക്കളചായ്പ്പിലേക്കോടി. ഭക്ഷണമായി വന്ന് ഭർത്താവിന്നരികിൽ ഇരിപ്പുറപ്പിച്ച് അവൾ ഒരു നെടുവീർപ്പിട്ടു. അച്ചനെ കണ്ട ആശ്വാസവും സന്തോഷവും അവളുടെ മുഖത്ത് പ്രകാശിച്ചു. കഴിഞ്ഞ പ്രാവശ്യം അച്ചൻ വന്നു പ്രാർത്ഥിച്ചു പോയതിൽപ്പിന്നെ സൈമേട്ടന് വലിയ ആശ്വാസമായിരുന്നു എന്നവൾ പറഞ്ഞപ്പോൾ അവളുടെ ഭർത്താവ് കോടിയ ചിറി ഒന്നുകൂടി കോട്ടി വികൃതമായി ചിരിച്ചു. സൈമേട്ടന് ഇപ്പോൾ നല്ല വിശപ്പാണ്, എന്തുകൊടുത്താലും ഒരു മുറുമുറുപ്പുമില്ലാതെ ഇപ്പോൾ കഴിക്കും എന്ന് വലിയ വാത്സല്യത്തോടെയുള്ള അവളുടെ വാക്കുകൾ, അമ്മയെ അനുസരിക്കുന്ന കുട്ടിയുടെ സന്തോഷത്തിൻേറതായ പൂക്കൾ അയാളുടെ കണ്ണുകളിൽ വിരിയിച്ചു.

ഇനിയും എത്ര നാൾ നീ ഇങ്ങനെ കഷ്ടപ്പെടും എമിലീ എന്ന് അച്ചൻ ചോദിച്ചപ്പോൾ, അല്ല എന്ന അർത്ഥത്തിൽ എമിലി തലയാട്ടി. 'ഇതൊന്നും ഒരു കഷ്ടപ്പാടല്ലച്ചോ. ഈ മനുഷ്യൻ കാരണം എത്രയെത്ര സഹായങ്ങളാണ് എനിക്കു കിട്ടിക്കൊണ്ടിരിക്കുന്നത്. അച്ചൻ ഇവിടെ വരണതും ഇക്കണ്ട സഹായങ്ങളൊക്കെ ചെയ്യണതും എൻെറ സൈമേട്ടനെ ഓർത്തിട്ടല്ലേ. ശേഖരട്ടൻെറ കടയിൽ എനിക്ക് ജോലി കിട്ടീതും, അച്ചൻ ഒരാളുകാരണം തന്ന്യാണ്. ഇവിടത്തെ പണ്യ്യാക്കെ കഴിഞ്ഞിട്ട് കുട്ട്യോളെ രണ്ടിനേം സ്ക്കൂളിലേക്ക് വിട്ടിട്ട് വേണ്ടെ എനിക്ക് കടേല്ക്ക്

പോവാൻ. നേരം വൈകിയാലും ശേഖരേട്ടൻ ഒന്നും പറയൂല്യ., മൊഖം കറപ്പിക്കൂല്യ. ൻെറ ഭാഗ്യം.

ദൈവമേ വലിയോരൽഭുതം അച്ചനോട് പറയാൻ ഞാൻ വിട്ടുപോയി. അന്ന് കടേല് വന്നിട്ട് ശേഖരട്ടനോട് അച്ചൻ പറഞ്ഞില്ലേ, എന്നോട് എപ്പോഴും ദയവുണ്ടാവണം. ന്നൊക്കെ. അന്ന് ശേഖരേട്ടൻ എനിക്കൊരു കേരള ലോട്ടറി മേടിച്ചുതന്നു. അത് ഒന്നാം സമ്മാനം അടിച്ചിട്ട്ണ്ട്. സൈമട്ടൻെറ തലോണേടെ അടീന്ന് ഇപ്പൊ എടുത്ത് തരാം. ഇത് അച്ചൻ കൊണ്ടുപോയി വേണ്ടത് ചെയ്യണം.

എന്നെപ്പോലെ ദുരിതക്കടലിൽ കരകാണാതെ നീന്തിത്തുടിക്കണ എത്രയെത്ര ആളോളുണ്ട്. ആവണ പോലെയൊക്കെ, അച്ചൻ എന്നെ സഹായിക്കണ പോലെ, ആ പാവങ്ങളേം കൂടി.......................എമിലി ചിരിക്കുക യായിരുന്നു..............അവളുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ കുടുകുടാ ഒഴുകുകയായിരുന്നു.

**പ്രൊഫ. ഡോ. മേരികുഞ്ഞ് (1979)**

## യൂറോപ്പിലൂടെ

യാത്രകൾ ഹരമായിട്ടുള്ളവർക്ക്, ആസ്വദിക്കാൻ കഴിവുള്ളവർക്ക്, ഓരോ യാത്രയും നിർവൃതിദായകമാണ്. അത് ആത്മാവിനും മനസ്സിനും ഒരു പുത്തൻ ഉണർവും ജീവനും നൽകുന്നു. 2014 മെയ് 2 മുതൽ 16 വരെ നടത്തിയ ഒരു യാത്രയുടെ ചെറുവിവരണമാണ് ഈ ലേഖനം. യൂറോപ്പിലെ 7 രാജ്യങ്ങളിലൂടെ നടത്തിയ ഈ പര്യടനത്തിൽ തീർത്ഥാടന കേന്ദ്രങ്ങളായിരുന്നു മുഖ്യ ലക്ഷ്യമെങ്കിലും വഴിയിൽ കണ്ടതും കടന്നുപോയതുമായ പ്രകൃതിദൃശ്യങ്ങളും നാട്ടിൻപുറങ്ങളും നഗരങ്ങളും ഒട്ടും അപ്രധാനമായിരുന്നില്ല. ഫാദർ.ഡേവിസ് തെക്കേകരയുടെയും ഫാദർ.ജോൺസൻെറയും നേതൃത്വത്തിൽ നടത്തിയ മുന്നൊരുക്കങ്ങൾ, യാത്ര അർത്ഥവത്തും വിജയകരവുമാക്കുവാൻ ഏറെ സഹായിച്ചു.

നെടുമ്പാശ്ശേരി (കൊച്ചി) എയർപോർട്ടിൽ നിന്നും എമിറേറ്റ്സിൻെറ ഫ്ലൈറ്റ് നമ്പർ 531 കൃത്യം രാവിലെ 10.30 ന് 45 പേർ ഉൾപ്പെടുന്ന ഞങ്ങളുടെ സംഘത്തേയും കൊണ്ട് ദുബായിലേക്ക് പറക്കാൻ തുടങ്ങി. നാല് മണിക്കൂർ പറന്ന് അവിടെ എത്തിയപ്പോൾ സമയം ഉച്ചയ്ക്ക് ഒരു മണി കഴിഞ്ഞിട്ടേയുള്ളൂ. ഇനിയങ്ങോട്ട് 15 ദിവസത്തോളം നമ്മുടെ നാട്ടിലെ നേരത്തിനും കാലത്തിനുമൊന്നും യാതൊരു പ്രസക്തിയുമില്ല. ദുബായിൽ നിന്നും 2.30ന് സ്പെയിനിൻെറ തലസ്ഥാനമായ മാഡ്രിഡിലേക്ക് പുറപ്പെട്ടു.

യൂഫ്രട്ടീസ്-ട്ടൈഗ്രിസ് നദികളുടെ മുകളിലൂടെ ഇറാക്കിൻെറ തലസ്ഥാനമായ ബാഗ്ദാദ്, മറ്റൊരു പട്ടണമായ എർബിൽ, തുർക്കിയുടെ തലസ്ഥാനമായ ഇസ്താംബുൾ, ഗ്രീസിൻെറ തലസ്ഥാനമായ ഏതൻസ്, ഇറ്റലിയുടെ തലസ്ഥാനമായ റോം വഴി മാഡ്രിഡിൽ 8 മണിക്ക് എത്തി. അവിടത്തെ സമയം 8 മണിയാണെങ്കിലും നമ്മുടെ നാട്ടിലെ 4 മണി പോലെ നല്ല വെയിൽ. ലിഫ്റ്റിലും എസ്കലേറ്ററിലും എല്ലാം കയറിയിറങ്ങി താഴെ നിലയിൽ എത്തിയപ്പോൾ, ലഗ്ഗേജ് എടുക്കണമെങ്കിൽ ട്രെയിനിൽ പോകണമെന്നു കേട്ടു. കേട്ടപ്പോൾ തമാശയാണെന്ന് തോന്നിയെങ്കിലും സംഗതി നേര്. കുറേ ദൂരം ട്രെയിനിൽ പോയി ലഗ്ഗേജ് കിട്ടിയപ്പോഴേക്കും ഹോട്ടലിലേയ്ക്ക് കൊണ്ടുപോകാൻ ബസ്സെത്തി. വഴിയോരകാഴ്ചകൾ ആസ്വദിച്ച് ഹോട്ടലിൽ എത്തിയപ്പോൾ 9.30 മണിയായി. അങ്ങനെ ആദ്യ ദിവസത്തെ യാത്ര അവസാനിച്ചു. ഇനി ഭക്ഷണവും ഉറക്കവും മാത്രമെ ബാക്കിയുള്ളൂ.

പിറ്റേന്ന്, ശനിയാഴ്ച്ച കാലത്തെ 7 മണിക്ക്, വിഭവസമൃദ്ധമായ പ്രാതലിനു ശേഷം യാത്ര ആരംഭിച്ചു. മാഡ്രിഡ് നഗരം കാണലാണ് ലക്ഷ്യം. യൂറോപ്പ്യൻ യൂണിയനിലെ വലിയ പട്ടണങ്ങളായ ലണ്ടനും ബർലിനും കഴിഞ്ഞാൽ അടുത്ത സ്ഥാനം മാഡ്രിഡിനാണ്. വളരെയേറെ ദീഘവീക്ഷണത്തോടെ നിർമ്മിച്ച ഈ തലസ്ഥാന നഗരത്തിൽ എല്ലാ ആധുനിക സംവിധാനങ്ങളുണ്ട്. യു.എൻ ൻെറ, വേൾഡ് ടൂറിസ്റ്റ് സെൻെർ ആണ്. രാജകുടുംബത്തിൻെറ ഔദ്യോഗിക വസതിയാണ് ഏറ്റവും വലിയ ആകർഷണകേന്ദ്രം. 16-ാം നൂറ്റാണ്ടിൽ നിർമ്മിച്ച ഈ കൊട്ടാരം ഒരു തീപിടുത്തത്തിൽ നശിച്ചു. 18-ാം നൂറ്റാണ്ടിൽ ഫ്രാൻസിലെ ലൂയി 14-ാമൻെറ മകൻ ഫിലിപ്പ് 5-ാമനാണ് ഈ കൊട്ടാരം പുതുക്കി പണിയിപ്പിച്ചത്. പാരിസിലെ കൊട്ടാരത്തിൻെറ മാതൃകയിൽ പണിത ഈ കൊട്ടാരം തറവിസ്തീർണ്ണത്തിൽ യൂറോപ്പിലെ ഏറ്റവും വലിയ കൊട്ടാരമാണ്.

സ്പെയിനിലെ മറ്റൊരു പട്ടണമായ ആവിലയിലേയ്ക്കാണ് അടുത്ത യാത്ര. റോമൻ-ഗോഥിക് ശൈലിയിലുള്ള പള്ളികൾ ധാരാളമുള്ള ഒരു നഗരമാണിത്. എ.ഡി.12 മുതൽ 16 വരെയുള്ള നൂറ്റാണ്ടുകളിൽ യൂറോപ്പിൽ വ്യാപകമായി പ്രചാരത്തിലിരുന്ന വാസ്തു വിദ്യാശൈലിയാണ് ഗോഥിക്. എ.ഡി. 1107 ൽ അവിടെയുണ്ടായിരുന്ന മൂർ വംശജരെ(ആഫ്രിക്കൻ-അറബി സങ്കര വംശജർ) തുരത്തി, ഒരു കുന്നിൻമുകളിൽ ക്രിസ്റ്റ്യൻ ഫ്രാൻസിസ് പണികഴിപ്പിച്ച ദേവാലയം, ഈ ശൈലിയുടെ ഉത്തമ ഉദാഹരണമാണ്.

ആവിലയിൽ നിന്നും പോർച്ചുഗലിലെ ഫാത്തിമ എന്ന പട്ടണത്തിലേക്കാണ് പോയത്. മലനിരകളും പച്ചപ്പുള്ള കൃഷിസ്ഥലങ്ങളും കണ്ട് ഫാത്തിമയിലെത്തി. ഇവിടെയാണ് പരിശുദ്ധ കന്യാമറിയം മൂന്ന് ഇടയക്കുട്ടികൾക്ക് പ്രത്യക്ഷപ്പട്ടത്. 1917 മെയ് മാസം 13-ാം തിയതിക്കും ഒക്ടോബർ 13-ാം തിയതിക്കും ഇടയിൽ 6 പ്രാവശ്യം പ്രത്യക്ഷപ്പെട്ട കന്യാമറിയം കുട്ടികളോട് സംസാരിക്കുകയും പല വെളിപാടുകളും നടത്തുകയും ചെയ്തു. അതിൽ പിന്നീട് ഈ സ്ഥലം

അദ്ഭുതരോഗശാന്തിയും മറ്റു നടക്കുന്ന തീർത്ഥാടന കേന്ദ്രമായി. അവിടെ ഒരു ജനസമുദ്രം തന്നെയുണ്ട്. എങ്ങും നിറഞ്ഞു നിൽക്കുന്ന ആ ഭക്തിചൈതന്യം അനുഭവിച്ചുതന്നെ അറിയണം. വാക്കുകൾക്ക് അതീതമാണത്.

അടുത്ത നാൾ തെക്കൻ സ്പെയിനിലെ ബെർഗുഡിലേക്ക് പോയി. ദൂരം 500 കി.മി.ലേറെയുണ്ടെങ്കിലും 5 മണിക്കൂർ കൊണ്ട് എത്തുമെന്ന് ഡ്രൈവർ പറഞ്ഞു. വസന്തം വർണ്ണക്കുടകൾ ചൂടിച്ച വഴിയോരങ്ങളും താഴ്വാരങ്ങളും മലകളും പിന്നിട്ട് വൈകുന്നേരം 5.30–ന് ഞങ്ങൾ ബർഗുഡിലെത്തി. യുനെസ്കോയുടെ ലോകപൈതൃക പട്ടികയിൽ ഇടം നേടിയ ദേവാലയമാണ് ആദ്യം കണ്ടത്. എ.ഡി. 1221–ൽ ഗോഥിക് ശൈലിയിൽ പണിത ഈ മന്ദിരം ഗതകാലപ്രതാപം വിളിച്ചോതുന്നു. പഴയ കെട്ടിടങ്ങൾ പുതുക്കിപണിതും ഇടയ്ക്കിടെ പാർക്കുകൾ ഉണ്ടാക്കിയും നഗരം മോടികൂട്ടിയിട്ടുണ്ട്. ഫ്രാൻസിന്റെ അതിർത്തിയോട് ചേർന്നു കിടക്കുന്നതുകൊണ്ടാവാം ഫ്രാൻസിൻേറയും സ്വാധീനം നന്നായുണ്ട്. ഇവിടേയും ദേവാലയത്തിൽ യാചകരെ കണ്ടു. രാത്രി 10 മണിയോടടുത്തുവെങ്കിലും പകൽ വെളിച്ചം മാഞ്ഞിട്ടില്ല.

പിറ്റേന്ന് ഫ്രാൻസിലെ ലൂർദ്ദിലേക്കാണ് യാത്ര. വഴി സുന്ദരം തന്നെ. പിരണീസ് പർവ്വതനിരകളെ പിന്നിട്ടുള്ള യാത്രയിൽ എപ്പോഴോ അറ്റ്ലാൻറിക് സമുദ്രത്തിന്റെ ഒരറ്റം കണ്ടു. ലൂർദ്ദിനോട് അടുക്കും തോറും താഴ്വരയുടെ ഭംഗി കൂടിക്കൂടി വന്നു. ചെറിയ അരുവികളും മഞ്ഞുപുതച്ച മലനിരകളും ചെറിയ ഫാംഹൗസുകൾ പോലെയുള്ള കെട്ടിടങ്ങളും ഇടയ്ക്കിടയ്ക്ക് കാണാം. അതിമനോഹരമായ പള്ളിയാണ് ലൂർദ്ദിലേത്; അതുപോലെ തന്നെ സുന്ദരമായ പരിസരപ്രദേശങ്ങളും. കുന്നിൻ മുകളിലെ കോട്ടയും അതിനു താഴെ മൂന്നു തട്ടുകളിലായി കിടക്കുന്ന ഭൂമിയും കോട്ടയെ ചുറ്റി ഒഴുകുന്ന നദിയും, നദിക്കരയിലെ ചുറ്റുമതിലും അതിനുള്ളിലെ ദേവാലയവും ഒരു പ്രത്യേക അനുഭൂതിയുണർത്തി നമ്മെ ഏതോ ഒരു ലോകത്തേയ്ക്ക് കൊണ്ടുപോകും.

ലൂർദ്ദ്. കത്തോലിക്കരുടെ ഏറെ പ്രധാനപ്പെട്ട ഒരു തീർത്ഥാടന കേന്ദ്രമാണ്. ദേവാലയത്തിനുള്ളിൽ ജപമാലയുടെ രഹസ്യങ്ങൾ ആലേഖനം ചെയ്തിട്ടുണ്ട്. ഇവിടെയാണ്, ബർണാർഡെ എന്ന ഗ്രാമീണ പെൺകൊടിയ്ക്ക് പരി.കന്യാമറിയം പ്രത്യക്ഷയായത്. 1858 ഫെബ്രുവരി 18–നാണ് ആദ്യത്തെ ദർശനം നല്കിയത്. ആകെ 18 പ്രാവശ്യം ദർശനം നല്കി. അവിടത്തെ ഗ്രോട്ടായിലെ അരുവിയിലെ ജലം അദ്ഭുത ശക്തിയുള്ളതായി കരുതുന്നു. രാത്രി ജപമാല ചൊല്ലിക്കൊണ്ടുള്ള മെഴുകുതിരി പ്രദക്ഷിണത്തിൽ എല്ലാവരും പങ്കെടുത്തു. ഭക്തിസാന്ദ്രമായ ആ അന്തരീക്ഷത്തിൽ നിന്ന് ഹോട്ടലിലേയ്ക്ക് തിരിക്കും മുമ്പ് കൈ നിറയെ തീർത്ഥജലവും രൂപങ്ങളും പ്രിയപ്പെട്ടവർക്ക് നല്കാനായി സമ്മാനങ്ങളും എല്ലാവരും ശേഖരിച്ചിരുന്നു.

വീണ്ടും ഒരു ദീർഘയാത്രയുടെ ദിവസം. രാവിലെ 7.30–ന് വിശുദ്ധ കൊച്ചുത്രേസ്യയുടെ ജന്മസ്ഥലമായ ലിസ്യുവിലേയ്ക്ക് പുറപ്പെട്ടു. വടക്കൻ ഫ്രാൻസിലാണ് ഈ സ്ഥലം. കാലാവസ്ഥ അത്ര നന്നല്ലായിരുന്നു. രാത്രി 7.30–ന് അവിടെയെത്തി. പിറ്റേന്നാണ് കാഴ്ചകൾ കാണാൻ പോകുന്നത്. വിശുദ്ധ കൊച്ചുത്രേസ്യയുടെ കബറിടം സ്ഥിതി ചെയ്യുന്ന പള്ളി ഒരു കുന്നിൻമുകളിലാണ്. പാരീസിലെ സേക്രഡ് ഹാർട്ട് ബസിലിക്കയുടെ മാതൃകയിൽ, റോമൻ ബൈസാന്റൈൻ ശൈലിയിൽ പണിതിരിക്കുന്ന ഈ പള്ളിയ്ക്ക് കുരിശിന്റെ ആകൃതിയാണ്. വലിയൊരു താഴികക്കുടവുമുണ്ട്. മാർബിൾ കൊണ്ട് പള്ളിയുടെ ഉൾഭാഗം പൊതിഞ്ഞിരിക്കുന്നു. ഉള്ളിലെ പെയ്ൻറിങ്ങുകൾ അതിഗംഭീരം. വിശുദ്ധയുടെയും മാതാപിതാക്കളുടെയും കബറിടങ്ങൾ കണ്ട ശേഷം അവരുടെ ഭവനവും സന്ദർശിച്ചു. ഭവനം ഒരു മ്യൂസിയം പോലെ പരിപാലിച്ചിരുന്നു.

ലിസ്യുവിൽ നിന്ന് ഫ്രാൻസിന്റെ തലസ്ഥാനമായ പാരിസിലേയ്ക്ക് വന്നു. നഗരത്തിൽ കിലോമീറ്ററുകളോളം വനം വെച്ചു പിടിപ്പിച്ചിരിക്കുന്നു. സീൻ നദിക്കരയിൽ സ്ഥിതി ചെയ്യുന്ന നഗരത്തിലെ പ്രധാന ആകർഷണങ്ങൾ നോട്ടർഡാം കത്തീഡ്രലും ഐഫൽടവറുമാണ്. ഷാർലിമെയ്ൻ പണിയിപ്പിച്ച ഈ പള്ളിയിൽ വെച്ചാണ് രാജാക്കന്മാരുടെ കിരീടധാരണ ചടങ്ങ് നടത്തിയിരുന്നത്. നെപ്പോളിയൻ ജൊസഫൈനെ വിവാഹം കഴിച്ചതും ഇവിടെ വച്ച് തന്നെ.

ഐഫൽ ടവർ ഒരു അദ്ഭുതം തന്നെ. 1889–ൽ ഒരു ഗാനമേളയ്ക്കുവേണ്ടി താത്കാലികമായി പണിത ഗോപുരമാണിത്. ഗുസ്താവ് ഐഫൽ എന്ന ഫ്രഞ്ച് എൻജിനീയറാണ് ഇതിന്റെ ശില്പി. സെൻറ്. വിൻസെൻറ് ഡി.പോളിന്റെ ശരീരം അഴുകാതെ സൂക്ഷിച്ചിരിക്കുന്ന ഒരു ദേവാലയവും കണ്ടു. എല്ലാ പള്ളികളിലും ധാരാളം സന്ദർശകരുണ്ട്.. വിശ്വാസികളായ ഭക്തജനങ്ങൾ വളരെ കുറവാണ്. പാരീസിലൂടെ ഒരു ഓട്ട പ്രദക്ഷിണം നടത്തി. നഗരത്തെ വിഭജിച്ചുകൊണ്ട് ഒഴുകുന്ന സീൻ നദിയിൽ ധാരാളം പാലങ്ങളുണ്ട്. നദിയിലൂടെ നടത്തിയ യാത്രയിൽ നല്ലൊരു നഗരകാഴ്ച്ച തരപ്പെട്ടു. ഫ്രഞ്ചു രാജകൊട്ടാരവും ഔദ്യാഗിക വസതിയും ഇവിടെയായിരുന്നു. പിന്നീട് ലൂയി 14–ാമൻ രാജാവാണ് വേഴ്സായ് നഗരം പണിത് തലസ്ഥാനമാക്കിയത്. അവിടത്തെ കൊട്ടാരം ഇപ്പോൾ ഒരു വൻ മ്യൂസിയമാണ്. എണ്ണമറ്റ സ്മാരകങ്ങളും മ്യൂസിയങ്ങളും പാരിസിനെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കിയിരിക്കുന്നു.

ഇനിയത്തെ യാത്ര ബെൽജിയത്തിന്റെ തലസ്ഥാനമായ ബ്രസൽസിലേയ്ക്കാണ്. യൂറോപ്യൻ യൂണിയന്റെ തലസ്ഥാനമായതുകൊണ്ട് ധാരാളം ഒൗദ്യോഗിക സ്ഥാപനങ്ങൾ ഇവിടെ കാണാം. പ്രധാന ആകർഷണം ഇവിടത്തെ ടൗൺഹാൾ ആണ്. ഗോഥിക് ശൈലിയിൽ 96 മീറ്റർ ഉയരത്തിൽ നിർമ്മിച്ച കെട്ടിടത്തിന്റെ ഏറ്റവും മുകളിലായി 5 മീറ്റർ ഉയരമുള്ള ഒരു പ്രതിമയുണ്ട്. അത് നഗരത്തിന്റെ പാലകപുണ്യവാനായ മിഖായേൽ മാലാഖയുടേതാണ്. ഈ പ്രതിമ കാറ്റിന്റെ ഗതിക്കനുസരിച്ച്

തിരിഞ്ഞുകൊണ്ടിരിക്കുന്നു. കൗതുകമുണർത്തുന്ന മറ്റൊരു ദൃശ്യം, മൂത്രമൊഴിക്കുന്ന കുട്ടിയുടെ ശില്പമാണ്. 61 സെൻറിമീറ്റർ ഉയരമുള്ള ഈ ശില്പം 1619-ലാണ് നിർമ്മിച്ചത്. ഇതിൻെറ നിർമ്മാണത്തെക്കുറിച്ച് പല ഐതിഹ്യങ്ങളും പറഞ്ഞു കേൾക്കുന്നുണ്ട്. നഗരത്തിലെ കച്ചവടകേന്ദ്രങ്ങൾ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നു. ഇതിനു ചുറ്റുമായി ഒരു കോട്ടയുമുണ്ട്. കോട്ടയ്ക്കകത്ത് പ്രധാന സ്ഥലങ്ങളെല്ലാം സുരക്ഷിതമായിരിക്കുമല്ലോ.

അടുത്തനാൾ ജർമ്മനിയിലേക്ക് പോയി. റൈൻ നദിയുടെ ഇരുവശത്തുമായി കിടക്കുന്ന കോളോൺ നഗരമാണ് ആദ്യം കണ്ടത്. ഇവിടത്തെ കത്തോലിക്കാ ദേവാലയം ലോകപൈതൃക പട്ടികയിലുണ്ട്. എ.ഡി. 313-ൽ ആരംഭിച്ച് പല ഘട്ടങ്ങളായാണ് പണി പൂർത്തിയാക്കിയത്. ഈ ദേവാലയം ഒരു വിസ്മയം തന്നെ. താമസസ്ഥലം കുറച്ച് ദൂരെയുള്ള ഹെപ്ൻഹെഡിലാണ്. അതിസുന്ദരമായ ഒരു താഴ്‌വാരം. പിറ്റേന്ന് കാലത്ത് തെക്കൻ ജെർമ്മനിയിലെ റ്റിറ്റിസിലേക്ക് പോയി. പർവ്വതങ്ങളും താഴ്‌വരകളും പുൽമേടുകളും കടന്ന് ബ്ലാക്ക് ഫോറസ്റ്റ് എന്ന സ്ഥലത്തെത്തി. ഇരുണ്ട വനപ്രദേശം തന്നെ. കുക്കു ക്ലോക്കുകൾ നിർമ്മിക്കുന്ന സ്ഥലമാണിത്. ക്ലോക്ക് ഫാക്ടറിയുടെ അടുത്തു തന്നെ ഒരു തടാകവും ഉണ്ട്. പിന്നെ ഒരു ഗ്ലാസ്സ് ഫാക്ടറിയും കണ്ടു. ഉച്ചഭക്ഷണത്തിന് ബ്ലാക്ക് ഫോറസ്റ്റ് കേക്കും കിട്ടി.

സ്വിറ്റ്സർലാൻറിലേയ്ക്കാണ് അടുത്ത ദിവസം പോയത്. എല്ലാവരും വലിയ ഉത്സാഹത്തിലും പ്രതീക്ഷയിലുമായിരുന്നു. പർവ്വതമുകളിലെ വിനോദസഞ്ചാരകേന്ദ്രമായ ഏൻഗൽബർഗിലേക്കാണ് യാത്ര. ആല്പ്സിൻെറ ഭാഗമായ റ്റിറ്റിലസ് പർവ്വതത്തിലേയ്ക്ക് കേബിൾകാറിലാണ് പോയത്. 10000 അടി ഉയരത്തിലായതുകൊണ്ട് നല്ല തണുപ്പ് തോന്നി. അവിടത്തെ 'മൗണ്ട് ടോപ്പ്' റസ്റ്റോറൻറിൽ നിന്നു ഉച്ചഭക്ഷണം കഴിച്ചു. പിന്നീട് മറ്റൊരു കേന്ദ്രമായ ലുസേർണിയിലേയ്ക്ക് പോയി. അവിടത്തെ 'ചാപ്പൽ ബ്രിഡ്ജ്' എന്ന മരപ്പാലവും കണ്ടു. "ലുസേണിയ സിംഹം" എന്ന ഒരു ശില്പം വീരമൃത്യു വരിച്ച പടയാളികൾക്കുള്ള സ്മാരകമാണ്.

സ്വിറ്റ്സർലാൻറിൽ നിന്ന് ഇറ്റലിയിലേക്കുള്ള വഴി വളരെ മനോഹരമാണ്. വലിയൊരു തുരങ്കം കഴിഞ്ഞ് ഞങ്ങൾ ഇറ്റലിയിലെത്തി. ഭൂപ്രകൃതി ഏകദേശം നമ്മുടെ കേരളത്തിലേത് പോലെ, വടക്കൻ ഇറ്റലിയിലെ വെനിസ് നഗരം ഒരു ദ്വീപസമൂഹമാണ്. ഇവിടം ലോക പൈതൃക പട്ടികയിൽപ്പെട്ടതാണ്. റോഡിനു പകരം തോടും പാലങ്ങളുമുള്ള ഈ 'ജല നഗരം' അഡ്രിയാറ്റിക് കടലിൻെറ റാണിയാണ്. അടുത്ത ലക്ഷ്യം വി. അന്തോണീസിൻെറ പേരിൽ പ്രശസ്തമായ പാദുവ നഗരമാണ്. ലിസ്ബണിൽ ജനിച്ച പണ്ഡിതനും വാഗ്മിയും പ്രേഷിതനുമായിരുന്ന അന്തോണീസ്, ഫ്രാൻസിസ്കൻ സഭാംഗമായ സന്യാസിയായിരുന്നു. 1231-ൽ 35-ം വയസ്സിൽ അസുഖബാധിതനായി പാദുവയിൽ വെച്ച് നിര്യാതയായി. വിശുദ്ധൻെറ തിരുശേഷിപ്പ് സൂക്ഷിച്ചിരിക്കുന്ന ദേവാലയം ഞങ്ങൾ കണ്ടു. പിന്നെ ഞങ്ങൾ പിസ്സയിലെ ചെരിഞ്ഞ ഗോപുരവും പുരാതനമായ പള്ളിയും സന്ദർശിച്ചു. കെട്ടിടത്തിൻെറ ചെരിവ് നമ്മിൽ കൗതുകം ഉണർത്തും. രാത്രി താമസം ഫ്ലോറൻസിലാണ്. ഏറെ പ്രസിദ്ധമായ സ്ഥലമാണിത്.

അടുത്ത നാൾ അതിരാവിലെ തന്നെ റോമിലേയ്ക്ക് പുറപ്പെട്ടു. പോപ്പിനെ കാണാൻ സെൻറ് .പീറ്റർ സ്ക്വയറിൽ എത്തണം. "പേപ്പൽ ഓഡിയൻസിൽ" പങ്കെടുക്കുവാനുള്ള പാസ്സ് നേരത്തെ കിട്ടിയിട്ടുണ്ടെങ്കിലും ഗതാഗതക്കുരുക്കിൽപ്പെട്ട് ഞങ്ങൾ ആശങ്കയിലായി. ദൈവാനുഗ്രഹത്താൽ സമയത്തിനെത്തി. പോപ്പിൻെറ ആശീർവാദം കിട്ടിയ ആ അസുലഭ നിമിഷം മറക്കാനാവില്ല.

"അനശ്വര നഗരം" എന്നറിയപ്പെടുന്ന റോമിലേയ്ക്കാണ് അടുത്ത യാത്ര. ഈ പുരാതന നഗരവും പൈതൃകപട്ടികയിൽ ഉണ്ട്. സ്വതന്ത്രരാജ്യമായ വത്തിക്കാൻ റോമനഗരത്തിലാണ്. ഒന്നാം നൂറ്റാണ്ടിൽ പണിത കൊളോസിയം 60000 പേരെ ഇരുത്താൻ പറ്റുന്ന കായികമത്സര വേദിയായിരുന്നു. റോമിൻെറ ഗതകാലപ്രതാപം വിളിച്ചോതുന്നതാണ് ഈ ചരിത്ര സ്മാരകം.. മറ്റൊരു പൈതൃക സ്മാരകമാണ് "കാറ്റകോം" എന്നറിയപ്പെടുന്ന ഭൂഗർഭകല്ലറകൾ. 19 മീറ്റർ വരെ താഴ്ചയിൽ 590 ഏക്കറിൽ വ്യാപിച്ചു കിടക്കുന്നു. ഇടുങ്ങിയ പാതകളുടെ ഇരുവശത്തുമായി തുരന്ന് ഉണ്ടാക്കിയ കല്ലറകളിൽ ആദിമ ക്രൈസ്തവ സഭയിലെ രക്തസാക്ഷികളെയാണ് അടക്കം ചെയ്തിരിക്കുന്നത്. ഇപ്പോൾ ഈ സ്ഥലം പോപ്പിൻെറ സംരക്ഷണത്തിലാണ്.

യാത്രയുടെ അവസാന ദിവസമെത്തി. വി. ഫ്രാൻസിസ് അസ്സീസ്സിയുടെ നാട്ടിലേയ്ക്കാണ് അന്നത്തെ യാത്ര. യോദ്ധാവായിരുന്ന ഫ്രാൻസിസ് എല്ലാം ത്യജിച്ച് സന്യാസിയായി, പ്രകൃതിയോടൊത്ത് ജീവിക്കുകയും ഒരു സന്യാസ സംഘത്തിന് രൂപം കൊടുക്കുകയും ചെയ്തു. വിശുദ് ധൻെറ പേരിലുള്ള ദേവാലയം ഒരു കുന്നിൻപുറത്തായി സ്ഥിതി ചെയ്യുന്നു. അദ് 1228ൽ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു. വിശുദ്ധൻെറ സുഹൃത്തായ വി. ക്ലാരയുടെ ദേവാലയവും അടുത്തുതന്നെ കാണാം.

അസ്സീസിയിൽ നിന്നും സെൻറ്.പീറ്റേഴ്സ് ബസിലിക്കയിലേക്ക് പോയി. മൈക്കൽ ആഞ്ചലോ, റാഫേൽ തുടങ്ങിയ കലാകാര?ാർ അനശ്വരമാക്കിയ ഇവിടം കാണേണ്ടതു തന്നെ. പോപ്പിൻെറ ഔദ്യോഗിക വസതിയായ കൊട്ടാരത്തിലെ "ഡിസ്റ്റൈൻ ചാപ്പലാണ്" ഏറ്റവും വലിയ ആകർഷണകേന്ദ്രം. ലിയനാർഡോ ഡാവിഞ്ചി, മൈക്കൽ ആഞ്ചലോ, തുടങ്ങിയ പ്രശസ്ത കലാകാര?ാരുടെ നിരവധി പെയിൻറിങ്ങുകളും ശിൽപങ്ങളും ഇവിടെയുണ്ട്. ഇവിടെയാണ് പോപ്പിൻെറ തെരഞ്ഞെടുപ്പും നടത്തുന്നത്. എല്ലാം കാണാൻ ദിവസങ്ങൾ മതിയാകാതെ വരും. തത്കാലം യാത്ര അവസാനിപ്പിച്ചേ തീരൂ. ഇതൊരു ഓട്ടപ്രദക്ഷിണം മാത്രം.

മെയ് 16–ാം തിയതി നാട്ടിലേയ്ക്ക് തിരിച്ചു. നേപ്പിൾസ് വഴി മെഡിറ്ററേനിയൻ കടലിന് മുകളിലൂടെയായിരുന്നു യാത്ര. ദുബായിൽ നിന്ന് കൊച്ചിയിലെത്തി. ഒരു സുന്ദരസ്വപ്നത്തിൽ നിന്ന് ഞെട്ടിയുണർന്നതുപോലെ എനിക്കു തോന്നി. ഇനിയും ഇതുപോലെയുള്ള യാത്രകൾ ചെയ്യാൻ ഭാഗ്യം തരണേ എന്ന് പ്രാർത്ഥിക്കുന്നു. പ്രാർത്ഥന ദൈവം കേൾക്കുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നു.

**പ്രൊഫ. ലിസ്സി. സി.ജെ. (1982)**

**Congratulations:**

Vandana A.B. (2010-12) JRF - December, 2013.
Teena Thomas (2002-05) PhD - CUSAT
Amrutha K. Dharman (2009-12) NET - December, 2014
Sr. Janiy (2007-09) NET - December, 2014
Revathy K (2009-12) GATE - December, 2014

**Shoe-Dreams**

I was nine when I wanted
A pair of shoes, with socks
Beneath my feet.
Not those *chappals*
Not the slippers
Nor the ladies shoes with heels.
Just plain white shoes
With soft white socks,
Freedom to walk.
And to turn them grey
With dust and dirt
And walk further on.
Years passed, though,
Now I am glad
It's better late, than never.

**Dr. Betsy Paul (1982-84)**

**Congratulations to the best cover page designer Jeethu Antony of III BSc Microbiology !!!**

## CORN SOUP

| | |
|---|---|
| Vegetable Stock | - 2 litre |
| Sweet corn | -425 gm. |
| Corn flour | -2 tbs |
| Spring onion | -50 gms |
| Salt & pepper | |
| Egg | -1 |

Boil the vegetable stock nicely, add the sweet corn, pepper and salt. Again boil for another 10 minutes. Add the corn flour in 3 spoons of water. Pour it into the boiling mixture. Stir nicely until thickened. Remove from fire. Garnish with spring onion and serve hot.
(Optional- Add beaten egg)

## SANDWICH WITH DATES SPREAD

| | |
|---|---|
| Bread | -1 |
| Dates | -200 gms |
| Green Chilly | -3 |
| Vinegar | - 2-3 tbs |
| Garlic flakes | - 5 |
| Coriander leaves | -100 gms |
| Salt to taste | |

Grind all the ingredients except Vinegar. Add the vinegar lastly to the grinded mixture. Dates- spread is ready. Make the sandwiches with the bread and dates- spread (Like jam)

**Mrs. Santha Rajagopal (1975-77)**




Inauguration of Eye Camp at HRCLPS, Nadathara on 16th October 2015 by Sri. Kiran C Lazar, Standing Committee Chairman & Councilor, Thrissur Corporation.



Distribution of winter seedlings at “Thanal”, Pudukkad on 29-12-2015



Talk on Waste Management by Smt. Indira Gopinath (Alumnae-1963-64) on 08/06/ 2015

**Placements:**

| | | |
|---|---|---|
| Vidya P.K. | (2010-13) | LGS Civil Station Irinjalakuda |
| Aneesa Raphy | (2010-15) | (Wipro and TCS) |
| Jyothi Joseph V | (2010-15) | (Wipro and TCS) |
| Lakshmi P | (2013-15) | Wipro |
| Mintu Kurian | (2010-15 ) | (RBS and Wipro) |



Dr. Sr. Meena K Cheruvathur (Treasurer) presenting the Alumnae Account



Reverie released by presenting of the reverie by Prof Leena Menon P to Mrs. Omana Baby John, wife of former minister, Sri Baby John

**Placements:**

| | | |
|---|---|---|
| Hima E.V. | (2010-15 ) | (Kerala Gramin Bank) |
| Sreeju Vijayan | (2013-15) | Wipro |
| Sr.Biji George | (2013-15) | Asst. Director, Carmel Santidam, Mundupalam |
| Reshma G | (2010-13) | SBT Clerk |
| Akasha Ravi | (2012 ) Maretek Singapore Pvt | |



Honouring the Jubilarians



**Mrs. Santha Rajagopal** (1975-77) renowned host of cookery shows conducted demonstration session of nutritive , low cost , instant food preparation for teenagers - for improving Hb - ("Corn Soup and Sandwich with dates Spread") for the students on 24-7-2015




Awareness class on "Women's wealth – Nation's wealth" by Dr. Rony Ijnatius (1985-87)

## മായാത്ത വികൃതികൾ

വഴിയരികിൽ പൂത്തു നിൽക്കുന്ന മഞ്ഞ പൂക്കളെ കണ്ടപ്പോഴാണ് വൃശ്ചികംവന്നു എന്നവൾക്ക് മനസ്സിലായത്. അലോസരപ്പെടുത്തുന്ന കാറ്റിനൊപ്പം തലയാട്ടി നിൽക്കുന്ന അവയ്ക്ക് വിഷാദത്തിന്റെ മണമുണ്ട്.

മഞ്ഞ കോളാമ്പി പൂക്കൾ അവൾക്കെന്നും കൗതുകമായിരുന്നു. പാട്ടുപെട്ടിയിൽ ഘടിപ്പിച്ചിരിക്കുന്ന വലിയ കോളാമ്പി പോലെ ആരുടെയോ പാട്ടുകൾക്കായി കാതോർത്തു നിൽക്കുകയാണോ, എന്നു തോന്നും അവയെ കണ്ടാൽ. ക്രിസ്തുമസ് രാവുകൾക്ക് നിറപ്പകിട്ടേകാൻ തൂക്കുന്ന ബലൂണുകളെപ്പോലെ, അടക്കിപിടിച്ച ശ്വാസം ഊതിവീർപ്പിച്ച് പൊട്ടിക്കണമെന്നും ചിലപ്പോൾ വിചാരിക്കും. ഇതിനെല്ലാമപ്പുറം എന്നോ കളിച്ചു മറന്ന മണ്ണപ്പത്തിലെ നിറകൂട്ടായും, കൂട്ടുകാരെ ചൊടിപ്പിക്കുന്ന കാതിപ്പൂവിസ്മയമായും, ഒരു കളിപ്പാട്ടമായും എന്നും അവൾക്കൊപ്പം ഉണ്ടായിരുന്നു.

പിന്നെ എന്നു മുതലാണ് ഈ പൂക്കൾക്ക് വിഷാദനിറം കൈവന്നത്? ഓർമ്മകളിലേക്ക് ഊളിയിട്ടിറങ്ങി, മുറ്റം നിറയെ മഞ്ഞ പൂക്കൾ വാരിവിതറിയ ആ ചെറുബാല്യത്തിന്റെ വികൃതിയിലേക്കു പോകണം. അന്ന് ഒപ്പം കളിക്കാൻ കൂടിയ കൂട്ടുകാരൊപ്പം തിമർക്കുമ്പോൾ അകലെ നിന്ന് നേർത്ത മണിയൊച്ച ഓരോ നിമിഷം അടുത്തടുത്ത് വരുന്ന ആ മണിയൊച്ച. എന്തെന്നറിയാൻ പൂമുഖത്തേയ്ക്ക് ഓടി. അതൊരു വിലാപയാത്രയായിരുന്നു. എന്നാൽ അവളുടെ കണ്ണിൽപെട്ടത്

മഞ്ഞപൂക്കളാൽ അലങ്കരിച്ച ശവമഞ്ചമാണ്. മഞ്ഞകോളാമ്പി പൂക്കളെ ഇങ്ങനെയും ഉപയോഗിക്കാം എന്ന ആശയം ആ വികൃതി മനസ്സിൽ എങ്ങനെ ഉദിച്ചു? ചുറ്റും കൂടിയ വാനരസംഘത്തോടു പെട്ടെന്ന് മനസ്സിലുദിച്ച ആശയം പറഞ്ഞു. കശാപ്പുചെയ്യാൻ പറ്റിയ ജീവി ഏതാണ്? കാറ്റത്തുവീണ മാമ്പഴം എടുക്കുവാൻ പോയപ്പോൾ നമ്മളെ കടിച്ച പുളിയുറുമ്പുകളായാലോ? കൂട്ടത്തിൽ നിന്ന് ഏതോ ബുദ്ധിമാൻ ആ ആശയം മുന്നിൽ വച്ചു. എല്ലാവർക്കും അത് ഇഷ്ടമായി. പുളിയുറുമ്പിൻെറ മാളം തേടി , തൊലികയ്പ്പൻ മാവിൻെറ അടുത്തു വന്നപ്പോൾ നിരനിരയായി മാവിൻമേലെ കയറി പോകുന്ന പുളിയനറുമ്പുകളെ കണ്ടു. കൂട്ടത്തിൽ തടിമിടുക്കനായ ഒരു പുളിയനുറുമ്പിനെ തല്ലിക്കൊന്ന്, മഞ്ഞപൂക്കൾ കൊണ്ടലങ്കരിച്ച്, നടുമുറ്റത്തൊരു കുഴിയും വെട്ടി അതിനെ സംസ്കരിച്ചു.

പുളിയനുറുമ്പിൻെറ മഹനീയമായ സ്വർഗ്ഗപ്രവേശനത്തിനു വേണ്ടി പ്രാർത്ഥിച്ചു.. സഭ പിരിഞ്ഞു. അന്നു പതിവില്ലാത്ത ഒരു അസ്വസ്ഥത, ഒരു സങ്കടം, ദയ, എന്താണെന്നറിയില്ല. മുറ്റത്ത് കട്ടുറുമ്പിൻെറ ശ്മശാനത്തിൽ, മഞ്ഞ കോളാമ്പി പൂക്കൾ തെന്നിമാറുന്നു.

അമ്മയുടെ നിലവിളികേട്ടാണ് അന്ന് ഉണർന്നത്. നേരം പുലരുന്നതേയുള്ളൂ, എങ്കിലും പതിവില്ലാതെ കുറച്ചുപേർ അവിടെ വന്നിരിക്കുന്നു. എല്ലാവരുടെയും മുഖം മ്ലാനമാണ്.............

ചില അടക്കം പറച്ചിലുകൾ കേൾക്കാം. ഒന്നും മനസ്സിലാവുന്നില്ല. പൂമുഖത്ത് അടുത്ത ബന്ധുക്കൾ വന്നിരിപ്പുണ്ട്. എനിക്ക് സന്തോഷമായി. മുറ്റത്ത് പുളിയുറുമ്പിൻെറ ശ്മശാനത്തിനരികെ വച്ചിരിക്കുന്ന ഒരു ശവമഞ്ചം ഇരിക്കുന്നതായി കണ്ടു. അത് മുഴുവൻ മഞ്ഞ പൂക്കളാൽ അലങ്കരിച്ചിരിക്കുന്നു. ചുറ്റും കൂടിയവരിൽ നിന്ന് ഒരാൾ നിലവിളിച്ചു."മോളേ, അച്ഛൻ പോയി."

**എലിസബത്ത് പി. തോമസ് (2003–2007)**



Distribution of "Health Card" to I DC students by Alumnae



Gem of St. Mary's College winner (2014-15), Alisha Valsan sharing her experience with the members of Alumnae in the annual get together

## സ്മരണാഞ്ജലി

സ്വതന്ത്ര ഭാരതത്തിലെ ഏറ്റവും ജനകീയനും ഏവർക്കും പ്രിയങ്കരനുമായിരുന്ന പ്രസിഡൻറ് ഡോ. എ.പി.ജെ. അബ്ദുൾകലാം, 2015 ജൂലൈ 27ന് നമ്മെ വിട്ടുപിരിഞ്ഞു. ആ ദീപനാളം പൊലിഞ്ഞുവെങ്കിലും അത് പ്രസരിപ്പിച്ച പ്രകാശവും ഊർജ്ജവും അത്ര വേഗം നമ്മെ വിട്ടുപോകില്ല. കലാം കലാതീതനായിത്തന്നെ നിലനിൽക്കുന്നു.

രാമേശ്വരത്ത് ഒരു സാധാരണ കുടുംബത്തിൽ ജൈനുലബ്ദീൻ–ആഷിയാമ്മ ദമ്പതികളുടെ മകനായി 1931ൽ കലാം ജനിച്ചു. പഞ്ചായത്ത് ബോർഡ് സ്കൂളിലെ ശാസ്ത്രാദ്ധ്യാപകൻ പക്ഷികൾ പറക്കുന്നതെങ്ങനെയെന്ന് വിശദീകരിച്ചപ്പോൾ ജീവിതത്തിൽ ഉയർന്ന് പറക്കാനുള്ള പ്രചോദനം തനിക്ക് ലഭിച്ചുവെന്ന് അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു. വിദ്യാർത്ഥികൾക്ക് ജീവിതയാത്രയിൽ സമ്പൂർണ്ണ സങ്കല്പങ്ങളും പരിശീലനങ്ങളും പ്രദാനം ചെയ്യേണ്ടത് പ്രാഥമികാദ്ധ്യാപകൻെറ പ്രധാന ഉത്തരവാദിത്വമാണെന്ന് കലാം ഉറപ്പിച്ച് പറയുന്നു. 'അറിവ് പകർന്ന് കൊടുക്കുക' എന്നതാണ് വിദ്യാഭ്യാസത്തിൻെറ മർമ്മമെന്നും ഈ ലക്ഷ്യത്തിലേക്കുള്ള പ്രയാണം ആരംഭിക്കേണ്ടത് പ്രകൃതിയിൽ നിന്നാണെന്നും അദ്ദേഹം വിശ്വസിച്ചു. പ്രകൃതിയേയും വിജ്ഞാനത്തിൻെറ വൈവിധ്യത്തേയും സത്യം, വിശ്വാസം തുടങ്ങിയ സനാതന ആശയങ്ങളോട് അത് എങ്ങനെ ബന്ധപ്പെട്ടു നിൽക്കുന്നു എന്നതിനേയും വിശകലന വിധേയമാക്കണം. അത് വ്യക്തിവികാസവും

ഭാവിവികാസവും ഐശ്വര്യവും വളർത്തിയെടുക്കാനുള്ള മാർഗ്ഗമാണ്. പരമ്പരാഗതവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കുറച്ചുകാണാതെ ഇളംതലമുറയുമായി പലകാര്യങ്ങളും അനുഭവത്തിന്റെ വെളിച്ചത്തിൽ പങ്കുവെയ്ക്കുക ആവശ്യമാണെന്നും അദ്ദേഹം കരുതി. ലക്ഷക്കണക്കിന് കുട്ടികളുമായി നിരന്തരം ഇടപഴകി, സംവദിച്ചു. അവരിൽ നിന്നും നൂതന ആശയങ്ങളും കൗതുകങ്ങളും ആവേശപൂർവ്വം പങ്കുപറ്റി. അദ്ധ്യാപകനായിരിക്കാൻ എന്നും ആഗ്രഹിച്ച ഈ വൈജ്ഞാനികന്റെ അന്ത്യനിമിഷങ്ങൾ തനിക്കേറ്റവും പ്രിയപ്പെട്ട ഇളംതലമുറയോടൊപ്പം തന്നെയായി. രാമേശ്വരത്തെ പേയ്കരിമ്പിൽ അദ്ദേഹം നിത്യവിശ്രമം കൊള്ളുന്നു. ജ?ംകൊണ്ട് തമിഴ്നാട്ടുകാരനായിരുന്നുവെങ്കിലും കർമ്മം കൊണ്ട് കേരളീയനായിരുന്ന അദ്ദേഹത്തെ മറ്റാർക്കും വിട്ടുകൊടുക്കാൻ നമുക്ക് മനസ്സില്ലായിരുന്നു. വിനയാന്വിതനായ ഈ വിശ്വപൗരന്റെ വേർപാടിൽ ലോകം ഒന്നിച്ച് കരഞ്ഞു.

മതേതര ഇന്ത്യയുടെ മാതൃകാ പുരുഷനായ കലാമിന്റെ കഴിവുകൾക്ക് അർഹമായ അംഗീകാരവും ലഭിച്ചു. ആര്യഭട്ട അവാർഡ്, പദ്മഭൂഷൺ, ഭാരതരത്ന എന്ന പരമോന്നത അവാർഡ് എന്നിവയെല്ലാം നല്കി അദ്ദേഹത്തെ ബഹുമാനിച്ചു. കൈപ്പിടിയിൽ ഒതുങ്ങാത്തത്ര സ്വപ്നങ്ങൾ പകർന്ന് തന്ന്, സ്വപ്നം കണ്ട് ഉണർന്ന് പ്രവർത്തിക്കാൻ ആഹ്വാനം തന്ന്, അഗ്നിച്ചിറകുകൾ വിരിച്ച് അനന്തമായ വിഹായസ്സിലേക്ക് പറന്നുയർന്ന ശ്രീ.കലാമിന് ആയിരമായിരം ആദരാഞ്ജലികൾ!

**പ്രൊഫ. കാതറിൻ ജെമ്മ (1968)**



Prize for the best Reverie Cover Designer





Sr. Dr. Chrislin welcomes the Eldermarian

**Placements:**

| | |
|---|---|
| Nivedita M.B. | (2014-15) Wipro |
| Sweety Vincent | (2014-15) Wipro |
| Manjusha Narayanan | (2014-15) Wipro |
| Praseetha Surendran | (2014-15) Wipro |
| Jeeva Maria Thomas | (2014-15) Wipro |
| Mincy P.K. | (2014-15) Wipro |
| Isabella Simon | (2014-15) Wipro |
| Anupriya S | (2014-15) Wipro |

## മുങ്ങിക്കുളി - ശരീരമനശുദ്ധി

എൻെറ കുട്ടിക്കാലം......................വേനലവധി മുഴുവനും അമ്മവീട്ടിൽ ചിലവഴിക്കുകയാണ് പതിവ്. പ്രശസ്തമായ നായർ തറവാടുകളാൽ ചുറ്റപ്പെട്ടതായിരുന്നു ക്രിസ്ത്യാനികളായ ഞങ്ങളുടെ വീട്. അവിടുത്തെ ഭൂപ്രകൃതിക്കനുസരിച്ച് വീടുകളിലേയ്ക്ക് റോഡ്മാർഗ്ഗം പോകുക, മറ്റ് വീടുകളുടെ പറമ്പുകളിലൂടെയാണ്, ഓരോ വീടുകളിലേയ്ക്കും കാൽനടയായും വാഹനങ്ങളായും എത്തുക. ഓരോ നായർ തറവാടുകളിലും ഒന്നോ രണ്ടോ കുളങ്ങളുണ്ടാകും. അമ്മ വീടിൻെറ നേരെ മുൻവശത്തുള്ള നായർത്തറവാടിൽ 2 കുളങ്ങളാണുള്ളത്. ഒന്നു കുളിക്കാനുള്ള കുളവും, മാറ്റൊന്ന് പാമ്പിൻകാവുള്ള കുളവും. പാമ്പിൻ കുളം, ഞങ്ങളുടെ വീടിൻെറ മുന്നിലുള്ള അതിർത്തിയോട് ചേർന്നാണ് ഉള്ളത്. വളരെ രസകരവും ഒപ്പം പേടിപ്പെടുത്തുന്ന ഓർമ്മകളാണ്, പാമ്പിൻ കുളം ഞങ്ങൾ കുട്ടികൾക്ക് നൽകിയിട്ടുള്ളത്. വളരെ പരിശുദ്ധിയോടെ സൂക്ഷിക്കുന്ന ഒരു കുളമാണ് അത്.. അതിൽ പുറമേ നിന്നുള്ള ആരെങ്കിലും ഇറങ്ങുകയോ, അശുദ്ധിയോടെയുള്ള സ്ത്രീകളോ, മത്സ്യമാംസാദികൾ കഴുകിയ വെള്ളമോ, അതുപോലെയുള്ളതൊന്നും തന്നെ ആ കുളത്തിലോ സമീപപ്രദേശത്തോ ഒഴിക്കരുത്. എന്തെങ്കിലും അശുദ്ധി സംഭവിച്ചാൽ ഏത് വീട്ടിൽ നിന്നാണോ, ആ വീട്ടിലെ പാത്രങ്ങൾ, ചൂലുകൾ എന്നിവയിലൊക്കെ പാമ്പുകൾ ഇഴഞ്ഞു നടക്കുന്നതു കാണാം. ആരേയും ഉപദ്രവിക്കാതെ ആട്ടിപായിച്ചാലും പോകാതെ അവിടെത്തന്നെ കിടക്കും. ഇത് കണ്ടാൽ ആ നായർത്തറവാട്ടിൽ ചെന്ന് പറയണം. അവർ വന്ന് പാമ്പിൻ കാവിനടുത്ത് നിന്ന് എന്തൊക്കെയോ പൂജയും മന്ത്രവും ചെയ്യും. ഉടനെത്തന്നെ നമ്മെ അദ്ഭുതപ്പെടുത്തുന്ന ആ കാഴ്ച കാണാം. പാമ്പുകൾ ഇഴഞ്ഞ് പാമ്പിൻ കാവിലെ വിടർന്ന് പന്തലിച്ചുനിൽക്കുന്ന ആ വൃക്ഷകൂട്ടത്തിലേയ്ക്ക് പോകുന്നത് കാണാം. പിന്നെ മഷിയിട്ട് നോക്കിയാൽ പോലും ഒരൊറ്റ പാമ്പിനെ പോലും നമുക്ക് കാണാൻ കഴിയില്ല. ചെറുപ്പകാലത്ത് എത്രയോ തവണ ഇത് ദൃക്സാക്ഷിയായിട്ടുണ്ട്. കേൾക്കുമ്പോൾ അവിശ്വസനീയം എന്നു തോന്നിപ്പോകും.

രണ്ടാമത്തെ കുളമാണ് മനസ്സിന് കുളിർമ്മ തരുന്ന ഓർമ്മചെപ്പാകുന്നത്. അതിസുന്ദരികളായ സ്ത്രീകളുള്ള ഒരു കൂട്ടുകുടുംബമാണ് ആ നായർത്തറവാട്. എന്നും രാവിലെ വെളുത്ത് സുന്ദരികളായ ഈ സ്ത്രീകൾ തലയിൽ നിറയെ എണ്ണ തേച്ച് ഒരു കയ്യിൽ എണ്ണയിൽ ചാലിച്ച മഞ്ഞളും മറുകയ്യിൽ തലയിൽ തേയ്ക്കാനുള്ള താളിയുമായി മുലക്കച്ചകെട്ടി കുളത്തിലേയ്ക്ക് കുളിക്കാൻ പോകുന്ന ആ കാഴ്ച്ച ഒരു കുഞ്ഞുമനസ്സോടെ ഞാനിന്നും ഓർക്കുന്നു. അകത്തും പുറത്തും ആവശ്യത്തിലധികം വാല്യക്കാരുള്ളതുകൊണ്ട് ഈ സ്ത്രീകളുടെ പ്രധാന ജോലി ഈ തേച്ചുകുളിയായിരുന്നു. ഒന്നോ രണ്ടോ മണിക്കൂറെടുക്കുന്ന ആ കുളി മറ്റുള്ളവർക്ക് കാണുക പ്രയാസം. കാരണം കുളത്തിന് ചുറ്റും വളരെ അടുപ്പത്തിൽ ഓലകൊണ്ട് മറച്ചിട്ടുണ്ടായിരുന്നു. കുളി കഴിഞ്ഞ് ഈറനുടുത്ത് തിരിച്ചുപോകുന്ന കാഴ്ചയും അതിമനോഹരം. കാരണം അവരുടെ ശരീരത്തിലുള്ള മഞ്ഞളിൻ ശോഭ സൂര്യരശ്മികളാൽ പ്രശോഭിച്ചിരുന്നു. അന്നേ മുതൽ എനിക്കും വലിയ ഒരാശ.– ആ ചേച്ചിമാരെപ്പോലെ സുന്ദരിയാകണം.....................

പിന്നീട് വായിച്ചറിഞ്ഞ അറിവുകൾവെച്ച് ഞാനൊരു കാര്യം മനസ്സിലാക്കി. അവരുടെ ശരീരസൗന്ദര്യത്തിൻെറ രഹസ്യം മറ്റൊന്നുമല്ല.– ദിവസേനയുള്ള ഈ എണ്ണതേച്ച് കുളിയാണ്.

ഇന്നത്തെ ജോലിക്കാരികളായ സ്ത്രീകളുടെ അവസ്ഥ എന്താണ്? ജീവിതവ്യഥകളാൽ നട്ടം തിരിഞ്ഞ് ജീവിതത്തിൻെറ രണ്ടറ്റവും കൂട്ടിമുട്ടിക്കാനുള്ള വ്യഗ്രതയിൽ ഓടിത്തളരുന്ന ഇന്നത്തെ ജോലിക്കാരികളായ സ്ത്രീകൾക്ക് തേച്ച് കുളിക്കാനെവിടെയാണ് നേരം. അതിരാവിലെ ഉണർന്ന് വീട്ട്ജോലികളെല്ലാം തീർത്ത് ഭർത്തവിനെയും കുഞ്ഞുങ്ങളേയും ശുശ്രൂഷിച്ച് , കാര്യങ്ങളെല്ലാം കഴിഞ്ഞ് വരുമ്പോഴേക്കും കുളിക്കുവാനും, ഭക്ഷണം കഴിക്കുവാനും നേരമെവിടെ? രണ്ട് മിനിറ്റുകൊണ്ട് കുളിച്ചെന്നു വരുത്തി, ഭക്ഷണം കഴിച്ചു കഴിച്ചില്ല എന്ന് വരുത്തി ജോലി സ്ഥലത്തേയ്ക്ക് ഓടെടാ ഓട്ടം............. ഓടിത്തളർന്ന് വീണ്ടും വീട്ടിലെത്തിയാൽ തഥൈവ– വീട്ടുജോലി, കുട്ടികൾ, ഭർത്താവ്.......... അങ്ങനെ എന്തെല്ലാം. അപ്പോഴും തേച്ചുകുളി അപ്രാപ്യം. കുളി കുറച്ച് നീണ്ടു പോയാൽ .......................നീ അവിടെ എന്ത് എടുക്കുകയാ? എന്നൊരു ചോദ്യം.

ഇനി ജോലിക്കാരല്ലാത്ത സ്ത്രീകളുടെ അവസ്ഥയോ.............വീട്ടുജോലിയും, പരദൂഷണം പറച്ചിലും സീരിയൽ കാണലുമൊക്കെ കഴിഞ്ഞ് വരുമ്പോൾ അവർക്ക് എവിടെയാണ് സമയം. പരസ്യത്തിൻെറ നേരത്ത് വേണം, ഒന്നോടിപോയി കുളിക്കാൻ. പരസ്യം പെട്ടന്ന് തീരുന്നതുകൊണ്ട് കുളിയും പെട്ടെന്ന് തീരുന്നു. ഇതിൻെറയെല്ലാം പരിണിത ഫലം? ചാടിയ വയറും, ചീർത്ത മുഖവും, പലയിടത്തും ഒതുങ്ങി നില്ക്കാതെ പുറത്തേയ്ക്ക് ചാടിവരുന്ന മാംസപേശികളും എല്ലാം കൂടിയ ഒരു രൂപം. ആകാരവടിവിന് ഇവിടെ എന്ത് പ്രസക്തി. ശരീരശാസ്ത്രത്തിൽ ഒട്ടും തന്നെ ശ്രദ്ധ ചെലുത്താത്ത ഒരു തലമുറ.............

തേച്ച്കുളി അതിപ്രധാനമായ ഒന്നാണ്. അത് ശരീരത്തെ മാത്രമല്ല മനസ്സിനേയും ശുദ്ധീകരിക്കുന്നു. അതിനാലാവണം എണ്ണതേച്ച് കുളിക്കുന്ന ദിവസം സുഖമായി ഉറങ്ങാൻ സാധിക്കുന്നത്. സ്ത്രീകളുടെ പ്രധാന ആഘോഷമായ തിരുവാതിര നാളുകളിൽ തുടിച്ചുകുളി എന്നൊരു പ്രധാന ചടങ്ങുണ്ട്. നല്ല

വിശാലമായ ഒരു തേച്ചു കുളിയിൽ കാൽനഖം മുതൽ തലമുടി വരെ ശുദ്ധീകരിക്കപ്പെടുന്നു. ഒഴുക്കുള്ള വെള്ളത്തിൽ കുറെ നേരം മുങ്ങികിടക്കുന്നത് ഒരു ആരോഗ്യക്കുളിയാണ്. കാരണം കാട്ടിൽനിന്ന് ഒഴുകിയെത്തുന്ന വെള്ളം ഒരുപാട് മണ്ണിനേയും കല്ലുകളേയും ഔഷധവൃക്ഷങ്ങളേയും വേരുകളേയും തഴുകിയെത്തുന്നതുകൊണ്ട് ഔഷധവീര്യമുള്ള ഒന്നായി തീരുന്നു.

ഈ ഔഷധവെള്ളത്തിലാണ് നമ്മുടെ വനിതാ അദ്ധ്യാപകർ 3 മണിക്കൂറുകളോളം മുങ്ങിക്കിടന്നത്. ജലദോഷമുള്ളവരുടെ ജലദോഷം മാറുകയും ശരീരം മുഴുവൻ നീരുണ്ടായിരുന്ന അദ്ധ്യാപികയുടെ ശരീരത്തിലെ നീര് പൂർണ്ണമായി വറ്റുകയും ചെയ്തത് ഞങ്ങളെ അദ്ഭുതപ്പെടുത്തി. വീട്ടുകാരുടെ ഭയാശങ്കകളില്ലാതെ കുട്ടികളുടെ ഒച്ചപ്പാടുകളില്ലാതെ വളരെ സ്വതന്ത്രമായി എത്ര നേരമെങ്കിലും വെള്ളത്തിൽ കിടക്കാനുള്ള സ്വാതന്ത്ര്യം അധികൃതർ ഞങ്ങൾക്ക് നല്കിയിരുന്നു. ഈ ഒരു ഔഷധം അടുത്ത ഒരു വർഷത്തേയ്ക്കുള്ള ഊർജ്ജമായി ഞങ്ങളുടെ ശരീരത്തിൽ രൂപപ്പെടുന്നു.

ഈ ഒരു മുങ്ങിക്കുളിയാണ് ഇതെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. ആ നായർ തറവാടും സെൻറ് മേരീസ് കോളേജും തമ്മിലൊരു ബന്ധമുണ്ട്. എട്ടാം ക്ലാസിൽ വേനലവധിക്ക് പോയപ്പോഴാണ് സെൻറ് മേരീസ് കോളേജ് എന്ന നാമം എൻെറ മനസ്സിൽ കുടിയേറിയത്. കാരണം ആ വീട്ടിലെ 2 കോളേജ്കുമാരിമാർ ഈ കോളേജിലാണ് പഠിച്ചിരുന്നത്. സെൻറ് മേരീസ് കോളേജ് വളരെ പ്രശസ്തമായ ഒരു കോളേജാണെന്നും അതിലുള്ള ഭൂരിഭാഗം പേരും സുന്ദരികളാണെന്നും അന്നേ ആരൊക്കെയോ പറഞ്ഞ് കേട്ടിരുന്നു. ആ ചേച്ചിമാരെ പോലെ, എനിക്കും അവിടെ പഠിക്കണം എന്ന് ഒരാഗ്രഹം അന്നേ മുതൽ എൻെറ മനസ്സിൽ ഇടം പിടിച്ചു. ആശ വളർന്ന് വളർന്ന് പന്തലിച്ച് ഒരു വൃക്ഷമായി പരിണമിച്ചു. ഞാൻ പ്രീഡിഗ്രി സയൻസ് ഗ്രൂപ്പെടുത്ത് കൊണ്ട് സെൻറ് മേരീസ് കോളേജിൽ പഠിച്ചു. കാലങ്ങൾ മറഞ്ഞും തിരിഞ്ഞും വന്നപ്പോൾ ഞാനും ഒരു അദ്ധ്യാപികയുടെ വേഷത്തിൽ ഈ കോളേജിലെത്തി. അധികം സുന്ദരിയാകാനൊന്നും പറ്റിയില്ലെങ്കിലും സുന്ദരികളോടൊപ്പം ഞാനും ഈ കോളേജിൽ ബി.വോക് വകുപ്പ് മേധാവിയായി വിലസി നടക്കുന്നു. ആഗ്രഹങ്ങൾക്ക് ചിറക് മുളച്ചാൽ പറന്ന് പറന്ന് നമ്മളും ഒരിക്കൽ ലക്ഷ്യസ്ഥാനത്തെത്തും.

ഒരായിരം ആശംസകളോടെ

**റീന എ.ആർ (1986 - 88)**








Alumnae contributed an amount of Rs. 10000/- for students participation of Asian Powerlifting Chamipioship at Hongkong. Congratulations to the Silver and Bronz Medalists








Alumnae members participated in the inaugural session of St Mary's Square Out Reach sponsorship Project- Summer camp on 28th April



Class on Soil Formation, Soil erosion and Soil Conservation By Smt Soja K K (Alumnae- President) at St Mary's Square Out Reach sponsorship



Class on Plastic Pollution and Environment issues By Dr. Roni Ignatius (Alumnae-Joint Secretary) at St Mary's Square Out Reach sponsorship

## എവിടേ നീ കാലമേ.

കാലമേ നീയെന്നെ കേൾക്കുന്നുണ്ടോ?
വസന്തം മാറാല കൊണ്ടടച്ച
എൻെറ കണ്ണിലെ ഭയം നീ കാണുന്നുണ്ടോ?
എൻെറ വായു നിറഞ്ഞ കണ്ഠനാളം
പതഞ്ഞുപൊങ്ങുന്നതറിയുന്നുണ്ടോ നീ?
ചങ്ങലപ്പൂട്ടിനുള്ളിലെ ചോരയോലിക്കുന്ന
എൻെറ കരയുന്ന കരളിനെ
കാണുന്നുണ്ടോ നീ?
ചിതൽപ്പുറ്റു നിറഞ്ഞ
എൻെറ കർണ്ണദ്വാരങ്ങിലെ
ചിതൽ ക്കൂട്ടങ്ങളുടെ നിലവിളി
നീ കേൾക്കുന്നുണ്ടോ?
നിനക്കു കഴിയില്ല കാലമേ.........
കയറു മുറുക്കി വരിച്ച
എൻെറ നാവു പിടയുന്നതും
നീ കണുകയില്ല കാലമേ
അതെ.
നിനക്ക് കഴിയില്ല കാലമേ
ഉണർന്നിരുന്നുറങ്ങുന്ന
കലികാലമേ................

**അഞ്ചന പി. എ. (2011-14)**

## Participants of cover page designing competition




**Anjitha-II BSc. Microbiology**



**Aswathy K -II-DC-Microbiology**



**Farhana.PP-III-DC-Botany**





**Mariya Sharon-I-B.Voc – MMIII**



**Ranjima-I-DC- Botany**




**Theresa Ouseph and Kamila Thasneem -MSC Psychology**



**Treesa KJ-III-BA-Economics**



**Reshma.K.R - BSc. Microbiology**

**Eye Camp**

**conducted by Alumnae at HRCLPS, Nadathara**







**GEM Contest**

**conducted by Alumnae**











